## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3717 — 19.02.2013 ൽ മറുപടിയ്ക്ക്

### റെയിഞ്ചാഫീസർമാരുടെ പ്രൊബേഷൻ

**ചോദ്യം**

ശ്രീ.എ. കെ. ശശീന്ദ്രൻ

**ഉത്തരം**

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വനം വകുപ്പിലെ റെയിഞ്ചാഫീസർ മാർക്ക് എത്ര വർഷമാണ് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനു വേണ്ടി നിശ്ചയിച്ചിട്ടുള്ളത്; | (എ) | 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം വഴിയും തസ്തിക മാറ്റം വഴിയും നിയമനം ലഭിക്കുന്നവരുടെ പ്രൊബേഷൻ കാലം മൂന്നു വർഷത്തെ തുടർച്ചയായ സേവനകാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടിയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രൊബേഷൻ, സമയപരിധിക്കുളളിൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റുകൾ പാസ്സാവുകയും, അതിനുള്ളിൽ തന്നെ സേവനം തൃപ്തികരമായി നിർവ്വഹിക്കുകയും ചെയ്തിട്ടുള്ള എത്ര റെയിഞ്ചാഫീസർമാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യാനുണ്ടെന്ന്വിശദമാക്കുമോ; ആയതിനുണ്ടായ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള നിശ്ചിത യോഗ്യത നേടിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുള്ള പ്രൊപ്പോസൽ കൺട്രോളിംഗ് ഓഫീസർ മുഖേന നിയമനാധികാരിക്ക് ലഭിക്കുന്ന മുറയ്ക്ക് പ്രൊബേഷൻ ഡിക്ളയർ ചെയ്തു നൽകുകയാണ് ചെയ്യുന്നത്. ഇവരുടെ പേരിൽ അച്ചടക്ക നടപടി നിലവിലില്ല എന്ന് ഉറപ്പുവരുത്തിയശേഷമാണ് പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തിയാക്കി ഉത്തരവാകുന്നത്. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം ക്രമീകരിച്ച ശേഷം പ്രോബേഷൻ തൃപ്തികരമായി പൂർത്തിയാക്കുന്നതിന്ചട്ട പ്രകാരമുള്ള യോഗ്യത നേടിയ എല്ലാ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെയും പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2007 മുതൽ 2010 വരെ സർവ്വീസിൽ പ്രവേശിച്ച് വകുപ്പു തല പരിശീലനവും, പരീക്ഷകളും പാസ്സായിട്ടുള്ള എല്ലാ റെയിഞ്ചാഫീസർമാരുടെയും പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനു വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) | 2007 മുതൽ 2010 വരെ സർവ്വീസിൽ പ്രവേശിച്ച റെയിഞ്ചർമാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് വേഗത്തിൽ പ്രൊബേഷൻ കാലം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ